2

**D2BML2301 (A2)** **(2 Pages)** **Reg. No:.......................**

**Name: .........................**

## SECOND SEMESTER B.Com. / BBA DEGREE EXAMINATION APRIL 2024
## (Regular/Improvement/Supplementary)
## COMMON COURSE IN MALAYALAM
## GMAL2A05T: സാഹിത്യ പഠനം 2

**Time: 2 ½ Hours.** **Maximum Marks: 80**

### ഭാഗം I: 1 മുതൽ 15 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.
### ഓരോന്നിനും 2 മാർക്ക് വീതം. പരമാവധി മാർക്ക് 25.

1. "അവിടെ ഒരു ശബ്ദമില്ല, അനക്കമില്ല. ആ മുറിയിൽ എന്ത് സംഭവിച്ചിരിക്കും?" സന്ദർഭം എഴുതുക.
2. "അച്ഛനെന്താ ഇത്ര ആലോചിക്കാനിരിക്കുന്നെ, ആ ഫോട്ടോയുടെ കാര്യമല്ലേ?"
   ആരുടെ വാക്കുകൾ ?ഏത് ഫോട്ടോയുടെ കാര്യമാണ് സൂചിപ്പിക്കുന്നത്?
3. രണ്ടുപേര് ! ഒടലും പെണ്ണത്തോം കെട്ത്തപ്പെട്ട രണ്ട് പെണ്ണ്ങ്ങള് ! ആരൊക്കെയാണ് ആ രണ്ട് പെണ്ണുങ്ങൾ ?
4. ഗുഹൻ, സുമന്ത്രർ എന്നീ കഥാപാത്രങ്ങളെ പരിചയപ്പെടുത്തുക.
5. മാതൃഭാഷയ്ക്കും അന്യഭാഷകൾക്കും മനുഷ്യജീവിതത്തിലുള്ള സ്ഥാനം വ്യക്തമാക്കാൻ കവി എന്തൊക്കെ കാര്യങ്ങളാണ് പറയുന്നത്?
6. "ആവട്ടെയമ്മട്ടെന്നാ" നലിവാർന്നൃഷി, മനു -
   ഷ്യാത്മാവിൻ സംശുദ്ധിയെയാ മഹാനറിയുന്നു
   ആരെക്കുറിച്ചാണ് ഈ വരികളിൽ പറയുന്നത്? കാരണമെന്ത്?
7. "ആ കടമയിലേക്ക് തിരിച്ചുപോകാൻ കഴിയാത്തിടത്തോളം കാലം അച്ചടക്കവും ശുദ്ധീകരണവും മേൽപ്പറഞ്ഞ തന്ത്രിക സംതൃപ്തിയിൽ മാത്രം കലാശിക്കും" ഏത് കടമയെ കുറിച്ചാണ് ലേഖകൻ പറയുന്നത്? കാരണമെന്ത്?
8. "ആ കെടപ്പീന്ന് എഴുന്നേറ്റ് വന്ന് അച്ഛനിതിപ്പം കാണാൻ പോകുന്നുണ്ടോ?" ഏതു കാര്യത്തെ കുറിച്ചാണ് ഇവിടെ സൂചിപ്പിക്കുന്നത്?
9. ടി.വി. കൊച്ചുബാവയുടെ നാല് പ്രധാന കൃതികളുടെ പേരെഴുതുക.
10. രാമനും സീതയും കാട്ടിലേക്ക് പോകുന്നതിനു മുൻപായി കൈകേയി അവരോടു പറഞ്ഞതെന്ത്?
11. "പൈതലിൻ കയ്യിൽ കിട്ടിയ തീ പോലവു
    പരസൈന്യത്തെച്ചുട്ടുകരിച്ചു നിമേഷത്താൽ"
    ഇവിടെ പൈതലിൻ കയ്യിൽ കിട്ടിയ തീ എന്ന് സൂചിപ്പിക്കുന്നത് എന്തിനെയാണ്?
    ആരുടെ സൈന്യത്തെയാണ് ചുട്ടുകരിച്ചത്?
12. "അതിന് മറുപടി പറയാൻ എനിക്ക് ഇതുവരെ സാധിച്ചിട്ടില്ല" മറുപടി പറയാൻ സാധിക്കാത്ത ഏത് ചോദ്യത്തെക്കുറിച്ചാണ് ലേഖകൻ ഇങ്ങനെ രേഖപ്പെടുത്തിയത്?
13. "ഒരു കണക്കിന് പുതിയ പിള്ളേരാ ശരി. അവര് ജാതീം മതോം വല്ലോം നോക്കുവോ?"
    ആരുടെ വാക്കുകൾ ? സന്ദർഭം എന്ത്?
14. "സാവിത്രിക്കാകെ വീർപ്പുമുട്ടി. ഇങ്ങനെ ഒരു തകരാറും ഈ സാവിത്രിക്കുണ്ട് ...." എന്താണ് സാവിത്രിക്കുള്ള തകരാറ്?
15. കൈകേയി വസിഷ്ഠനോട് അപേക്ഷിച്ചതെന്ത്?

(തുടർച്ച .... 2)

## ഭാഗം II: 16 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. ഓരോന്നിനും 5 മാർക്ക് വീതം. പരമാവധി മാർക്ക് 35.

16. "ഏതൊരു വേദവുമേതൊരു ശാസ്ത്രവു-
മേതൊരുകാവ്യവുമേതൊരാൾക്കും
ഹൃത്തിൽപ്പതിയേണമെങ്കിൽ സ്വഭാഷതൻ
വക് ത്രത്തിൽ നിന്നു താൻ കേൾക്കവേണം"- സാരമെന്ത്?

17. "യുക്തിയെ മാറ്റിവെക്കാനും പരാജയത്തിന്റെ യാഥാർത്ഥ്യത്തെ വിജയത്തിന്റെ ഫാന്റസിയാക്കി മാറ്റാനും അത് സഹായിക്കും." ഏത്? കാരണമെന്ത്?

18. "...നീ ഇന്നൊരു പഴംകഥയാണ്. നിന്റെ സൗന്ദര്യം ഏതോ മൂഢന്റെ സ്വപ്നമായിരിക്കും. വിശ്വം ജയിച്ചുവെന്ന് നീ അഹങ്കരിച്ചു. സർവ്വരാലും ശപിക്കപ്പെട്ട് ഇന്നോ നാളെയോ പൊള്ളുന്ന വിജനഭൂമിയിൽ അനാഥയായ് നീ അലഞ്ഞ് തിരിയും." ആരുടെ വാക്കുകൾ? ഇങ്ങനെ പറയാൻ കാരണമെന്ത്?

19. "കൊണ്ടാടി നാനാവിചിന്തനതന്തുക്കൾ
കൊണ്ടാത്മഭാഷയെ വായ്പ്പിക്കായ്കിൽ
കേരളത്തിന്നീയിരുൾക്കുണ്ടിൽ നിന്നൊന്നു
കേറാൻ പിടിക്കയറെന്തുവേറെ?" - വിവക്ഷിതമെന്ത്? വിവരിക്കുക.

20. "അമ്മമ്മ അയാളെ ശകാരിക്കുമെന്ന് ഞാൻ ഭയന്നു. പക്ഷേ അമ്മമ്മ ഒരു നേരമ്പോക്ക് കേട്ടിട്ടെന്നപോലെ ഉറക്കെ ചിരിച്ചു." എന്തു കേട്ടിട്ടാണ് അമ്മമ്മ ചിരിച്ചത്? സന്ദർഭം എഴുതുക.

21. ജീവിതയാത്രയിൽ പിറകിലേക്കോടി മറയുന്ന കാഴ്ചകളായി കവി വിലയിരുത്തുന്ന ഓർമ്മകൾ ഏതൊക്കെയാണ്?

22. എന്റെയാത്തെറ്റിപ്പോയ വഴിയേ തുടരുന്നോ-
രെത്രയെന്നോർമ്മിച്ചു ഞാനസ്വാസ്ഥ്യമേൽപ്പൂ വീണ്ടും.!
ആഖ്യാതാവ് ആര്? എന്തുകൊണ്ട്?

23. പുരുഷനിൽ നിന്നും സ്ത്രീ അനുഭവിക്കുന്ന പീഡനങ്ങളുടെ പ്രതിനിധി എന്ന നിലയിൽ ശൂർപ്പണഖ എന്ന കഥാപാത്രത്തിന്റെ സമകാലിക പ്രസക്തിയെന്ത്?

## ഭാഗം III: 24 മുതൽ 27 വരെയുള്ള ഏതെങ്കിലും രണ്ട് ചോദ്യങ്ങൾ മൂന്ന് പുറത്തിൽ കവിയാതെ ഉപന്യസിക്കുക. ഓരോന്നിനും 10 മാർക്ക് വീതം.

24. "ഒരു സിന്ദൂരപ്പൊട്ടിന്റെ ഓർമ്മയിലൂടെ" ഒ. വി. വിജയൻ മുന്നോട്ടുവെക്കുന്ന ചരിത്രവസ്തുതയും നിരീക്ഷണങ്ങളും സംഗ്രഹിക്കുക.

25. "തായ്കുലം" എന്ന കഥയിലൂടെ കഥാകാരി ശൂർപ്പണഖയ്ക്ക് ആദിവാസി വ്യക്തിത്വം നൽകുകയും ഒപ്പം കീഴാള ഭാഷയുടെ തിരിച്ചു പിടിക്കൽ നടത്തുകയും ചെയ്യുന്നു. പ്രസ്താവന ശരിയാണോ ? സമർത്ഥിക്കുക.

26. വിഷയ സ്വീകരണത്തിലും ആഖ്യാനശൈലിയിലും വ്യത്യസ്തത പുലർത്തുന്ന സാഹിത്യകാരനാണ് വി. കെ. എൻ. - പാഠഭാഗത്തെ അടിസ്ഥാനമാക്കി സമർത്ഥിക്കുക.

27. ഇതിഹാസ കഥാപാത്രങ്ങളെ മിഴിവോടെ പുനരാഖ്യാനം ചെയ്ത് അവരുടെ മാനസിക വ്യാപാരങ്ങളെ കൃത്യമായി അടയാളപ്പെടുത്തുന്ന രചനയാണ് 'സാകേതം'. ഉദാഹരണ സഹിതം വിവരിക്കുക.

**(2 × 10 = 20 മാർക്ക്)**